ctabudarr@gmail.com
അബൂദർറ് എടയൂർ



# അനുഗ്രഹവർഷത്തിന്റെ പുണ്യരാവ്

عَنْ عَائِشَةَ رَضِيَ الله عَنْها قَالَتْ: كَانَ النَّبِيُّ ﷺ إِذَا دَخَلَ العَشْرُ شَدَّ مِئْزَرَهُ، وَأَحْيَا لَيْلَهُ، وَأَيْقَظَ أَهْلَهُ

ആഇശ(റ)യിൽ നിന്ന് നിവേദനം. (റമദാനിലെ അവസാനത്തെ) പത്ത് സമാഗതമായാൽ പ്രവാചകൻ മുണ്ട് മുറുക്കിയുടുക്കുകയും രാത്രിയെ സജീവമാക്കുകയും കുടുംബത്തെ വിളിച്ചുണർത്തുകയും ചെയ്യുമായിരുന്നു (ബുഖാരി).

റമദാന്റെ ഡയറിക്കുറിപ്പിൽ ശ്രദ്ധേയമായ പരാമർശം നേടാൻ ആഗ്രഹിക്കുന്നവർക്ക് പ്രവാചകന്റെ മാതൃക തന്നെ ധാരാളം. റമദാനിലെ അവസാന പത്ത് ദിനരാത്രങ്ങൾ എത്രമാത്രം പ്രാധാന്യപൂർവം പരിഗണിക്കണമെന്ന് അവിടുന്ന് പ്രവൃത്തിയിലൂടെ വ്യക്തമാക്കി. അതിൽ ഇബാദത്തുകൾക്കായി കച്ചകെട്ടിയിറങ്ങിയ പ്രവാചകൻ, കുടുംബത്തെയും അതിൽ പങ്കാളികളാക്കിയിരുന്നുവെന്ന് ഉപരിസൂചിത ഹദീസ് പഠിപ്പിക്കുന്നു. നബി(സ)യിൽ നിന്ന് പഠിക്കുന്ന കാര്യങ്ങൾ കുടുംബത്തെയും പഠിപ്പിക്കുകയും അവരെയും സ്വർഗാവകാശികളാകാൻ പ്രേരിപ്പിക്കുകയും ചെയ്യുക സ്വഹാബികളുടെയും ശീലമായിരുന്നു. ഇഅ്തികാഫ്, നമസ്കാരം, ഖുർആൻ പാരായണം, പ്രാർഥന, ദിക്റുകൾ, ദാനധർമം തുടങ്ങിയവയിലൂടെ ആ ദിനരാത്രങ്ങൾ സജീവമാക്കിയാൽ ലഭിക്കാനിരിക്കുന്ന പ്രതിഫലം അനിർവചനീയമത്രെ.

ലൈലത്തുൽ ഖദ്റാണ് അവസാന പത്തിന്റെ ശ്രേഷ്ഠതകളിൽ മുഖ്യമായത്. നിർണയം, മഹത്വം എന്നീ അർഥങ്ങളുള്ള പദമാണ് ഖദ്ർ. അതിനാൽ നിർണയത്തിന്റെ രാവ്, മഹത്വത്തിന്റെ രാവ് എന്നിങ്ങനെ ലൈലത്തുൽ ഖദ്ർ വ്യാഖ്യാനിക്കപ്പെടുന്നു. സകല കാര്യങ്ങളും അല്ലാഹു നേരത്തെ തീരുമാനിച്ചിട്ടുണ്ടെങ്കിലും ഒരു വർഷം നടപ്പാക്കാൻ പോകുന്ന കാര്യങ്ങൾ നിയുക്ത മലക്കുകൾക്ക് വെളിപ്പെടുത്തിക്കൊടുക്കുകയും അവയുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ നിർവഹിക്കാൻ അവർക്ക് ആജ്ഞ നൽകുകയും ചെയ്യുന്ന സന്ദർഭമായതുകൊണ്ടാണ് നിർണയത്തിന്റെ രാവ് എന്ന് വിളിക്കപ്പെടുന്നത് (ശറഹു മുസ്‌ലിം).

മഹത്വത്തിന്റെ രാവ് എന്ന വ്യാഖ്യാനത്തിന്റെ ഔചിത്യം സുപരിചിതമാണല്ലോ. ഖുർആന്റെ അവതരണമാണ് ആ മഹത്വത്തിന് ആധാരം. അതിനാൽ അന്ന് ആരാധനകൾക്ക് വലിയ സ്ഥാനവും കൂടുതൽ പ്രതിഫലവും ലഭിക്കുന്നു. ഖുർആന്റെ ആളുകളാകാൻ പ്രയത്നിക്കുന്നവരെ നേരിൽകാണാൻ ജിബ്‌രീലിന്റെ നേതൃത്വത്തിൽ മാലാഖമാരുടെ ദൗത്യസംഘം ഭൂമിയിൽ സന്ദർശനം നടത്തുന്ന ആ ദിനം മനുഷ്യജീവിതത്തിലെ ആയിരക്കണക്കിന് മാസങ്ങളേക്കാൾ മഹനീയമാണെന്ന് ഖുർആൻ. അന്ന് ആ മാലാഖമാരുടെ ഗുഡ്സർട്ടിഫിക്കറ്റ് കിട്ടുന്നതിനേക്കാൾ വലിയ സൗഭാഗ്യം വേറെയുണ്ടോ?

സയ്യിദ് ഖുത്വ്ബ് എഴുതുന്നു: ഇന്ന്, നിരവധി തലമുറകൾക്കിപ്പുറത്തുനിന്നുകൊണ്ട് തിരിഞ്ഞുനോക്കുമ്പോഴും ആ രാവിൽ ഭൂതലം സാക്ഷ്യം വഹിച്ച വിശ്വോത്സവത്തിന്റെ വർണരാജികൾ നമുക്ക് ഭാവനയിൽ കാണാൻ കഴിയും. അന്നു നടന്ന സംഭവത്തിന്റെ യാഥാർഥ്യം നിരീക്ഷിക്കാനാവും. കാലത്തിലും ചരിത്രത്തിലും.... മനസ്സിലും ധിഷണയിലും അതു ചെലുത്തിയ അഗാധമായ സ്വാധീനങ്ങളെ ഇഴപിരിച്ചെടുക്കാനാവും. ശരിക്കും ഗംഭീരമായ ഒരു കാര്യമാണ് നാം കാണുന്നത്. നിർണയത്തിന്റെ രാവിനെ കുറിച്ച് നീയെന്തറിഞ്ഞു? എന്ന ഖുർആന്റെ ചോദ്യത്തിൽ നിന്ന് ഈ ഗാംഭീര്യത്തിന്റെ ഒരംശമെങ്കിലും നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ.

തീരുമാനിക്കപ്പെടേണ്ട കാര്യങ്ങളെല്ലാം ആ രാവിൽ തീരുമാനിക്കപ്പെട്ടു. മൂല്യങ്ങളും അടിസ്ഥാനങ്ങളും മാനദണ്ഡങ്ങളും സ്ഥാപിക്കപ്പെട്ടു. ഹൃദയങ്ങളുടെയും ആശയങ്ങളുടെയും വ്യവസ്ഥിതികളുടെയും ഭാവി തീരുമാനിക്കപ്പെട്ടു.... എന്നാൽ മനുഷ്യർ, അവരുടെ അജ്ഞതയും ദൗർഭാഗ്യവും മൂലം, ഈ നിർണയരാവിന്റെ മൂല്യത്തെ കുറിച്ച് ബോധവാന്മാരല്ല. ഈ സംഭവത്തിന്റെ അന്തഃസത്തയും അതിന്റെ പ്രാധാന്യവും അവർ തിരിച്ചറിയുന്നില്ല. ഈ അശ്രദ്ധയും അറിവില്ലായ്മയും മൂലം ഏറ്റവും സുന്ദരവും സൗഭാഗ്യപൂർണവുമായ ഒരു ദൈവാനുഗ്രഹം നഷ്ടപ്പെടുത്തിയിരിക്കയാണവർ. അങ്ങനെ യഥാർഥമായ സൗഭാഗ്യവും സമാധാനവും മാനുഷ്യകത്തിനു നഷ്ടമായിരിക്കുന്നു. മനസ്സിന്റെ സമാധാനം, വീടിന്റെ സമാധാനം, സമൂഹത്തിന്റെ സമാധാനം.... എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു (*ഫീ ളിലാലിൽ ഖുർആൻ*).

ലൈലതുൽ ഖദ്ർ എന്നാണെന്ന് കൃത്യമായി പ്രവാചകൻ പഠിപ്പിച്ചിട്ടില്ല. എന്നാൽ മിക്ക ഹദീസുകളും റമദാനിലെ അവസാനത്തെ പത്തിലെ ഒറ്റയൊറ്റ രാവുകളിലാണ് അതെന്ന കാര്യത്തിൽ ഏകോപിച്ചിരിക്കുന്നു. നബി(സ) പറഞ്ഞു: റമദാനിന്റെ അവസാന ദിനങ്ങളിലെ രാവുകളിൽ നിങ്ങളതിനെ പ്രതീക്ഷിച്ചുകൊള്ളുക (ബുഖാരി). ■